പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1674 — 04.12.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പച്ചക്കറി ഇറക്കുമതിയും ജൈവപച്ചക്കറി കൃഷിയും

| ചോദ്യം<br>ശ്രീ.എം. ചന്ദ്രൻ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം എത്ര ടൺ പച്ചക്കറിയാണ് ഇറക്കുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | എ) ഇറക്കുമതിയുടെ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. |
| ബി) നടപ്പ വർഷം പച്ചക്കറി ഇറക്കുമതിയിൽ കുറവ് വന്നിട്ടുണ്ടോ; | ബി) നടപ്പ വർഷം പച്ചക്കറി ഇറക്കുമതിയിൽ കുറവ് ഉള്ളതായി ഹോർട്ടികോർപ്പ് അറിയിച്ചിട്ടുണ്ട്. |
| സി) ജൈവപച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകിയതിന്റെ ഭാഗമായി പച്ചക്കറിയുടെ ഉത്പാദനം എത്ര ടണ്ണാണ് വർദ്ധിച്ചിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; | സി) ജൈവപച്ചക്കറി കൃഷിക്ക് പ്രാമുഖ്യം നല്കി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതിലൂടെ 2013-14-ലെ പച്ചക്കറി ഉല്പാദനത്തെ അപേക്ഷിച്ച് 2014-15-ൽ പച്ചക്കറി ഉല്പാദനം 1,39,363 ടൺ കൂടുതൽ വർദ്ധിച്ചിട്ടുണ്ട്. |
| ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ വിഷാംശം കണ്ടെത്തിയതിനെ തുടർന്ന് ചെക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ടോ? | ഡി) ഉണ്ട് |
| ഇ) എത്ര കേസുകളാണ് ഇതിനെതിരെ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഇ) പച്ചക്കറികളിൽ വിഷാംശം കണ്ടെത്തിയതിനെ തുടർന്ന് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നാല് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| എഫ്) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | എഫ്) ഇല്ല. |

സെക്ഷൻ ഓഫീസർ